നമ്പർ.ഇ.എക്സ് .സി.ജനറൽ 2/17162/2017/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി: -09-2017

പ്രേഷകൻ
പരീക്ഷാ കമ്മീഷണർ

സ്വീകർത്താവ്

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

**ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

**വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-പരീക്ഷഭവൻ- കെ-ടെറ്റ് 2017 വിജയിച്ചവർക്ക് അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട്

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള ഫോൺ സന്ദേശം

------

2017 ആഗസ്റ്റ് മാസത്തിൽ നടന്ന കെ-ടെറ്റ് പരീക്ഷയുടെ റിസൾട്ട് 20-09-2017-ൽ പ്രഖ്യാപിച്ചു. വിജയിച്ചവരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പരിശോധന ഒക്ടോബർ ഒന്നു മുതൽ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ വച്ച് നടക്കുന്നതാണ്. ഇത്തരത്തിൽ വെരിഫിക്കേഷൻ പൂർത്തി ആയാൽ മാത്രമേ കെ-ടെറ്റ് വിജയിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ സാധിക്കൂ. എന്നാൽ കെ-ടെറ്റ് വിജയിച്ചവർക്ക് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും റിസൾട്ട് പ്രിന്റ് എടുക്കാവുന്നതാണ്. ഇത്തരത്തിൽ കെ-ടെറ്റ് വിജയിച്ചതായി റിസൾട്ട് പ്രിന്റ് ഹാജരാക്കുന്നവരുടെ അധ്യാപക നിയമനാംഗീകാരത്തിനായുള്ള പ്രൊപ്പോസൽ, ടി ഉദ്യോഗാർത്ഥികൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്നും ലഭ്യമാകുന്നതുവരെ നിരസിക്കരുത്. കെ-ടെറ്റ് ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് ഇങ്ങനെയുള്ള അധ്യാപകരുടെ പ്രൊപ്പോസലുകൾ അംഗീകാരത്തിനായി പരിഗണിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**പരീക്ഷാ കമ്മീഷണർ**

എം-25-09-2017